**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4093

25.06.2018-ൽ മറുപടിയ്ക്ക്.

## ആന വളർത്തൽ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് എത്ര ആന വളർത്തൽ കേന്ദ്രങ്ങൾ ഉണ്ട്; പ്രസ്തുത കേന്ദ്രങ്ങളിൽ എത്ര ആനകൾ വീതം ഉണ്ട്; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ നിലവിൽ താഴെ പറയുന്ന 4 ആനപരിപാലന കേന്ദ്രങ്ങൾ ഉണ്ട്.<br>1. മുത്തങ്ങ ആനപരിപാലന കേന്ദ്രം (7 ആനകൾ)<br>2. കോന്നി ആന പുനരധിവാസ കേന്ദ്രം (6 ആനകൾ)<br>3. കാപ്രിക്കാട് ആന പരിപാലന കേന്ദ്രം (8 ആനകൾ)<br>4. കാപ്പുകാട് ആന വളർത്തൽ കേന്ദ്രം (16 ആനകൾ) |
| (ബി) സംസ്ഥാനത്ത് നിലവിൽ എത്ര കുങ്കി ആനകൾ ഉണ്ട്; ഇല്ലെങ്കിൽ കുങ്കി ആനയ്ക്കാവശ്യമായ പരിശീലനം മറ്റ് ആനകൾക്ക് നൽകുവാൻ വനം വകുപ്പ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് നിലവിൽ വിദഗ്ധ പരിശീലനം സിദ്ധിച്ച കുങ്കി ആനകൾ ഇല്ല. പരിശീലനം നൽകി കുങ്കി ആനകളാക്കാനായി കേരളത്തിൽ നിന്നും 3 ആനകളെ തമിഴ് നാട്ടിലെ മുതുമല ആന ക്യാമ്പിൽ 3 മാസത്തെ പരിശീലനത്തിനായി അയച്ചിട്ടുണ്ട്. |
| (സി) എറണാകുളം ജില്ലയിലെ കോടനാട് ആന വളർത്തൽ കേന്ദ്രത്തിൽ നിന്ന് നീലകണ്ഠൻ എന്ന ആനയെ എന്ത് ആവശ്യത്തിനായിട്ടാണ് അന്യ സംസ്ഥാനത്തേയ്ക്ക് അയക്കുന്നത്; ഇതിന് മുമ്പ് എത്ര ആനകളെ ഇവിടെ നിന്ന് അന്യസംസ്ഥാനത്തേയ്ക്ക് അയച്ചിട്ടുണ്ട്, പ്രസ്തുത ആനകൾ സംസ്ഥാനത്ത് തിരിച്ച് എത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) കോടനാട് ആനവളർത്തൽ കേന്ദ്രം ഇപ്പോൾ നിലവിലില്ല. 15.01.2016 ൽ അവസാനത്തെ ആനയേയും ഇവിടെനിന്ന് കാപ്രിക്കാട് ആന സംരക്ഷണ കേന്ദ്രത്തിലേക്ക് മാറ്റിയിട്ടുണ്ട്. അത്തരത്തിൽ മാറ്റപ്പെട്ട നീലകണ്ഠൻ എന്ന ആനയെ 15.06.2018-മുതൽ 12.09.2018 വരെ കുങ്കി പരിശീലനം നൽകുന്നതിന് തമിഴ് നാട് മുതുമലൈ ടൈഗർ റിസർവ്വിലെ തെപ്പെക്കാട് എന്ന ക്യാമ്പിൽ അയച്ചിട്ടുണ്ട്. ഇതിനു മുമ്പ് കോടനാട് ആന വളർത്തൽ കേന്ദ്രത്തിൽ നിന്നും ആനകളെ അന്യ സംസ്ഥാനത്തിലേയ്ക്ക് അയച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ